മത്സ്യബന്ധനോപകരണ ഇൻഷ്വറൻസ് പദ്ധതി

63 (1751) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം.മറുപടി നൽകുമോ :

(എ) മത്സ്യഫെഡ്ഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി എത്ര മത്സ്യത്തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനായി എന്ത് തുക ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾക്കു നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണ ഇൻഷ്വറൻസ് പദ്ധതിക്കായി എന്ത് തുക ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി അപകട ഇൻഷ്വറൻസിനും മത്സ്യത്തൊഴിലുപകരണ ഇൻഷ്വറൻസിനും വേണ്ടി മത്സ്യത്തൊഴിലാളികളിൽ നിന്നും എന്ത് തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വർഷം തിരിച്ചും ഇനംതിരിച്ചുമുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ)

വർഷം	ഇൻഷ്വർ ചെയ്ത അംഗങ്ങളുടെ എണ്ണം
1998-1999	1,90,958
1999-2000	2,00,000
2000-2001	20,000
2001-2002	2,90,000
2002-2003	60,457

(ബി) കഴിഞ്ഞ 5 വർഷങ്ങളിലായി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനായി വിവിധ കമ്പനികൾക്കു നൽകിയ തുക താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഇൻഷ്വറൻസ് കമ്പനി	തുക
1998-1999	നാഷണൽ ഇൻഷ്വറൻസ് കമ്പനി	18.31 ലക്ഷം രൂപ
1999-2000	,,	10.37 ലക്ഷം രൂപ
2000-2001	,,	16.73 ലക്ഷം രൂപ
2001-2002	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി	12.33 ലക്ഷം രൂപ
2002-2003	,,	15.42 ലക്ഷം രൂപ

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസിനായി നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. 1998-1999 വർഷത്തേയ്ക്കുള്ള സംയോജിത മത്സ്യവികസന പദ്ധതിവഴി വിതരണം ചെയ്ത ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് തുകയായ 71.64 ലക്ഷം രൂപയും 1999-2000 വർഷത്തേയ്ക്കുള്ള സംയോജിത മത്സ്യവികസന പദ്ധതിവഴി വിതരണം ചെയ്ത ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് തുകയായ 33.17 ലക്ഷം രൂപയും ചേർത്ത് ആകെ 94.52 ലക്ഷം രൂപ നാഷണൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകി.

2000-2001 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് തുകയായ 36.24 ലക്ഷം രൂപ അടച്ചിട്ടുണ്ട്. 2002-2003-ൽ ഉപകരണങ്ങളുടെ സുരക്ഷ മത്സ്യഫെഡ്സ് രൂപീകരിച്ച ഉപകരണ സുരക്ഷാ പദ്ധതി വഴിയാണ് ഉറപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയിലേയ്ക്ക് 2002-2003-ൽ 20,78,548 രൂപ തൊഴിലാളി വിഹിതമായി ലഭിച്ചിട്ടുണ്ട്.

(ഡി) പിരിച്ചെടുത്ത തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

(1) അപകട ഇൻഷ്വറൻസ് പദ്ധതി

വർഷം	പിരിച്ചെടുത്ത തുക
1998-1999	15.83 ലക്ഷം രൂപ
1999-2000	5.26 ലക്ഷം രൂപ
2000-2001	10.11 ലക്ഷം രൂപ
2001-2002	8.26 ലക്ഷം രൂപ
2002-2003	13.82 ലക്ഷം രൂപ

(2) ഉപകരണ ഇൻഷ്വറൻസ് പദ്ധതി

സംയോജിത മത്സ്യവികസന പദ്ധതി 1998-1999, 1999-2000 എന്നിവ വഴി വിതരണം ചെയ്ത മത്സ്യ ബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം

LIBRARY ARCHIVES Kerala Legislative Assembly

തുക നാഷണൽ ഇൻഷ്വറൻസ് കമ്പനിക്ക് മുൻകൂറായി നൽകി. ഇപ്രകാരം മുൻകൂറായി അടച്ച 92.52 ലക്ഷം രൂപ പിന്നീട് മത്സ്യത്തൊഴിലാളികളിൽ നിന്നും തിരിച്ചടവിന്റെ ഒപ്പം പിരിച്ചെടുത്തു. 2000-2001-ൽ വിതരണം ചെയ്ത ഉപകരണങ്ങൾക്കു ഇൻഷ്വറൻസ് പ്രീമിയം തുകയായി 46.66 ലക്ഷം രൂപ പിരിച്ചെടുത്ത് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചു.

2002-2003 വർഷം വിതരണം ചെയ്ത ഉപകരണങ്ങൾക്കുള്ള സുരക്ഷാ സ്കീമിലേക്ക് തൊഴിലാളികളിൽ നിന്നും 20,78,548 രൂപയും പിരിച്ചെടുക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ്

64 (1752) ശ്രീമതി മേഴ്സി രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പന്റ് തുക എത്രയാണ് ;

(ബി) ഈ തുക നിശ്ചയിച്ചതെന്നാണ് ;

(സി) ഇത് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ;

(ഡി) എത്ര മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഇപ്പോൾ സ്റ്റൈപ്പന്റ് ലഭിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 12-1-2001-ലെ സർക്കാർ ഉത്തരവു നമ്പർ 4/01/പജാ.പ.വ.വിവ പ്രകാരമുള്ള നിരക്കനുസരിച്ചാണ് മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പൻഡ് നൽകിവരുന്നത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 12-1-2001-ൽ

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) മൊത്തം ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഫിഷറീസ് വകുപ്പിൽ നിന്ന് സ്റ്റൈപൻഡ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly